# നാരുകൾ ഉത്പാദിപ്പിക്കുന്ന യന്ത്രവുമായി എൽദോ

Posted on: 06 Aug 2012



കല്പറ്റ: വിവിധ നാരുകൾ ഉത്പാദിപ്പിക്കുന്ന യന്ത്രമാണ് മീനങ്ങാടി ആവയൽ പൂവത്തിങ്കൽ പി.വി.എൽദോയുടേത്. 14 വർഷമായി വാഴനാരിൽ കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്ന എൽദോ സ്വന്തം ആവശ്യത്തിനായി കണ്ടുപിടിച്ച യന്ത്രത്തിന് സംസ്ഥാന സർക്കാറും ബിഹാർ സർക്കാറും പച്ചക്കൊടി കാണിച്ചുകഴിഞ്ഞു.

ഡീ നാച്വറൽ ഫൈബർ എക്സ്ട്രാക്ഷൻ മെഷിൻ എന്ന പേരിലുള്ള യന്ത്രം ഒരു വർഷത്തെ പരീക്ഷണ നിരീക്ഷണത്തിനൊടുവിലാണ് നിർമിച്ചത്. പെഡൽ സംവിധാനത്തിലുള്ള യന്ത്രം പ്രവർത്തിപ്പിക്കാൻ ഒരാൾ മാത്രം മതിയെന്നതാണ് പ്രത്യേകത. ഇതേ ആവശ്യത്തിന് വിപണിയിൽ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന യന്ത്രമാണുള്ളത്. ഇതിൽ അഞ്ചുപേർ ദിവസം ജോലി ചെയ്താൽ പത്തുകിലോ നാര്‌ലഭിക്കും. എന്നാൽ എൽദോയുടെ പെഡൽ യന്ത്രത്തിൽ ഒരാൾ മൂന്നു മുതൽ അഞ്ചുവരെ കിലോ നാര് ഉത്പാദിപ്പിക്കും. 45 കിലോ ‌തൂക്കമുള്ള യന്ത്രം പൂർണമായും ഇരുമ്പിലാണ് നിർമിച്ചത്. 110 സെന്റീമീറ്റർ ഉയരവും 70 സെന്റീമീറ്റർ വീതിയുമുള്ള യന്ത്രത്തിന്റെ നിർമാണച്ചെലവ് 17,500 രൂപയാണ്. ഇതിന്റെ പ്രവർത്തനം കണ്ട് ബോധ്യപ്പെട്ട സംസ്ഥാന കൃഷിവകുപ്പ് ഇരുപതെണ്ണവും ബിഹാർ സർക്കാർ നൂറെണ്ണവും നിർമിച്ചു നല്കാൻ എൽദോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രധാനമായും വാഴനാര് ഉത്പാദിപ്പിക്കാനാണ് യന്ത്രം ഉപയോഗിക്കുന്നത്. ഈ നാരുകൾ വസ്ത്രം, കയർ, കരകൗശല വസ്തുക്കൾ എന്നിവ നിർമിക്കാൻ ഉപയോഗിക്കാം. ഇവയൊക്കെ എൽദോയുടെ നാഷണൽ ബയോടെക് ഇൻഡസ്ട്രീസ് നിർമിക്കുന്നുമുണ്ട്. എൽദോ നിർമിച്ച

വാഴനാരിലുള്ള പായയ്ക്ക് യുനസ്കൊയുടെ പുരസ്കാരം ലഭിച്ചു. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എൽദോയുടെ ഉത്പന്നങ്ങൾ വില്ക്കാൻ സ്റ്റാളുണ്ട്. ആന്ധ്ര, ബിഹാർ എന്നിവിടങ്ങളിലും യൂണിറ്റുകൾ പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാറിന്റെയും വ്യവസായവകുപ്പിന്റെയും അംഗീകാരമുള്ളതാണ് എൽദോയുടെ ബനാന ക്ലസ്റ്റർ യൂണിറ്റ്. ഈ യൂണിറ്റിന് വസ്ത്ര നിർമാണത്തിനുള്ള അനുമതി റീജ്യണൽ ലബോറട്ടറി ടെക്സ്റ്റൈൽസ് കമ്മിറ്റി നല്കി.

വാഴനാരിൽ കൈകൊണ്ട് പേപ്പർ നിർമിക്കാനും എൽദോ ശ്രമിക്കുന്നു. കേരളബ്യൂറോ ഇൻഡസ്ട്രീസ് പ്രമോഷൻ സംഘം എൽദോയുടെ യൂണിറ്റിൽ എത്തി പഠനം നടത്തിയശേഷമാണ് അംഗീകാരം നല്കിയത്. ജില്ലയിൽ 32,000 ഏക്കർ വയലിലും 6,500 ഏക്കർ കരയിലും ശരാശരി വാഴ ഉത്പാദിപ്പിക്കുന്നു. പത്തുമാസം ഏതാണ്ട് 144 കോടി രൂപയുടെ വാഴനാരാണ് ജില്ലയിൽ നഷ്ടപ്പെടുന്നത് എന്നാണ് കണക്ക്. ഇത് കണ്ടെത്തി ഉപയോഗ യോഗ്യമാക്കുകയാണ് എൽദോയുടെ ലക്ഷ്യം. പുതിയ യന്ത്രത്തിന്റെ കണ്ടുപിടിത്തം ഇതിന് ഉപകരിക്കുമെന്നാണ് പ്രതീക്ഷ.കുടുംബശ്രീ യൂണിറ്റുകൾക്കും വ്യക്തികൾക്കും എളുപ്പം ഉപയോഗിക്കാനും ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകാനും കഴിയുന്നതാണ് യന്ത്രം.

ഉല്പാദിപ്പിക്കുന്ന വാഴനാരുകൾ ശേഖരിക്കാനും ബയോ ടെക് ഇൻഡസ്ട്രീസിന് പദ്ധതിയുണ്ട്. ഭാര്യ ദിവ്യയും മക്കളായ ബിഥുലും, നിഥുലും എൽദോയുടെ കണ്ടുപിടിത്തത്തിന് പിന്തുണയുമായി എപ്പോഴുമുണ്ട്.

സ്രോതസ്സ്: http://www.mathrubhumi.com